**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3410** **11-03-2025 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണത്തിനും വൈദ്യുതി കണക്ഷനും റവന്യൂ വകുപ്പിന്റെ എൻ.ഒ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാർ മേഖലയിലെ എട്ട് വില്ലേജുകളിൽ കെട്ടിട നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണെന്ന കേരള ഹൈക്കോടതി ഉത്തരവിനുശേഷം ആയതിലേക്കായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകർക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ടെന്നും വില്ലേജ് തിരിച്ച് അറിയിക്കാമോ; | (എ) | മൂന്നാർ മേഖലയിലെ എട്ട് വില്ലേജുകളിൽ കെട്ടിട നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണെന്ന കേരള ഹൈക്കോടതി ഉത്തരവിനുശേഷം എൻ.ഒ.സി-യ്ക്കായി ലഭിച്ച അപേക്ഷകളുടെയും എൻ.ഒ.സി നൽകിയ അപേക്ഷകളുടെയും വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | വില്ലേജ് | ലഭിച്ച അപേക്ഷകൾ | എൻ.ഒ.സി നൽകിയ അപേക്ഷകൾ |
|---|---|---|---|
| 1 | ചിന്നക്കനാൽ | 132 | 97 |
| 2 | ശാന്തൻപാറ | 166 | 128 |
| 3 | മൂന്നാർ | 106 | 34 |
| 4 | കെ.ഡി.എച്ച് | 623 | 502 |
| 5 | പള്ളിവാസൽ | 676 | 394 |
| 6 | ബൈസൺവാലി | 141 | 104 |
| 7 | വെള്ളത്തൂവൽ | 416 | 304 |
| 8 | ആനവിരട്ടി | 144 | 48 |

| | | | |
|---|---|---|---|
| (ബി) | എൻ.ഒ.സി. അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | ബഹു. കേരള ഹൈക്കോടതിയുടെ WP(C) 1801/2010 & WP(C) 34095/2007 എന്നീ കേസുകളിലെ 21/01/2010-ലെ ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് കെട്ടിടനിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. റവന്യൂ തദ്ദേശ സ്വയംഭരണം, പൊലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ എൻ.ഒ.സി ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 2010-ലെ മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ ആക്ടിലെ സെക്ഷൻ 2 (ജി) പ്രകാരം മൂന്നാർ പ്രദേശം എന്ന് നിർവചിച്ചിരിക്കുന്ന വില്ലേജുകൾ ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നിവയാണ്. 2010-ലെ മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ ആക്ടിൽ നിർവചിച്ചിരിക്കുന്ന ടി എട്ട് വില്ലേജുകളിലും കണ്ണൻദേവൻ ഹിൽസ് വില്ലേജിനെ വിഭജിച്ച് രൂപീകരിച്ച മൂന്നാർ വില്ലേജിലുമാണ് നിർമാണപ്രവർത്തനങ്ങൾക്ക് നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 01.02.2023 ലെ സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പ്രകാരം ആനവിലാസം വില്ലേജിനെ എൻഎസി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്ന ഭൂമി യഥാർത്ഥ പട്ടയം തന്നെയാണോ എന്നതാണ് എൻഒസി നൽകുന്നതിന് പ്രാഥമികമായി പരിശോധിയ്ക്കുന്നത്. കാർഷിക/ഗാർഹിക ആവശ്യത്തിന് പതിച്ചു നൽകിയിട്ടുള്ള ഭൂമിയിൽ ഭൂപതിവുവ്യവസ്ഥകളുടെ ലംഘനം നടന്നിട്ടുണ്ടോ, നിർമ്മാണ പ്രവർത്തനം നിമിത്തം മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങൾക്ക് സാധ്യതയുണ്ടോ എന്നീ വിഷയങ്ങളും പരിശോധിച്ചാണ് എൻ.ഒ.സി നൽകി വരുന്നത്. |
| (സി) | പ്രസ്തുത വില്ലേജുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണെന്ന് കോടതി നിർദ്ദേശമുണ്ടോ; | (സി) | ദേവികുളം സബ് കളക്ടർ 23.10.2017 തീയതിയിൽ കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എൻജിനീയർക്ക് അയച്ച കത്തിൽ റവന്യൂ വകുപ്പിന്റെ നിരാക്ഷേപപത്രം കൂടാതെയുള്ള യാതൊരു നിർമ്മാണ പ്രവർത്തനങ്ങൾക്കും താൽക്കാലികമോ സ്ഥിരമോ ആയ വൈദ്യുതി കണക്ഷനുകൾ അനുവദിക്കുന്നത് കോടതിയലക്ഷ്യമാണെന്നും മേൽ സാഹചര്യത്തിൽ ടി വില്ലേജുകളിൽ എല്ലാത്തരം വൈദ്യുതി കണക്ഷനുകളും അനുവദിക്കുമ്പോൾ ടി ഉത്തരവ് പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>21.01.2010 ലെ ഹൈക്കോടതി ഉത്തരവ് ഉണ്ടായതിന് ശേഷവും റവന്യൂ വകുപ്പിന്റെ എൻ.ഒ.സി വാങ്ങാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാർ മേഖലയിൽ നടന്നിട്ടുള്ളതും ഇത് ബന്ധപ്പെട്ട കക്ഷികൾ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. എൻ.ഒ.സി ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ലായെന്ന് സർക്കാർ വകുപ്പുകൾ ഉറപ്പു വരുത്തണമെന്നുള്ള കോടതി വിധികളുടെ ലംഘനം ഒഴിവാക്കിയില്ലെങ്കിൽ അത് കോടതിയലക്ഷ്യ നടപടികളിലേക്ക് നീങ്ങുന്ന സാഹചര്യമുണ്ടാകും. ഈ സാഹചര്യത്തിലാണ് എൻഒസി ഇല്ലാതെ വ്യവസ്ഥകൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകരുതെന്ന് നിർദ്ദേശിച്ചു കൊണ്ട് സബ് കളക്ടർ കെഎസ്ഇബി-യ്ക്ക് കത്ത് നൽകിയത്. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത വില്ലേജുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | ദേവികുളം സബ് കളക്ടർ 23.10.2017 തീയതിയിൽ കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എൻജിനീയർക്ക് അയച്ച കത്തിൽ റവന്യൂ വകുപ്പിന്റെ നിരാക്ഷേപപത്രം കൂടാതെയുള്ള യാതൊരു നിർമ്മാണ പ്രവർത്തനങ്ങൾക്കും താൽക്കാലികമോ സ്ഥിരമോ ആയ വൈദ്യുതി കണക്ഷനുകൾ അനുവദിക്കുന്നത് കോടതിയലക്ഷ്യമാണെന്നും മേൽ സാഹചര്യത്തിൽ ടി വില്ലേജുകളിൽ എല്ലാത്തരം വൈദ്യുതി കണക്ഷനുകളും അനുവദിക്കുമ്പോൾ ടി ഉത്തരവ് പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>21.01.2010 ലെ ഹൈക്കോടതി ഉത്തരവ് ഉണ്ടായതിന് ശേഷവും റവന്യൂ വകുപ്പിന്റെ എൻ.ഒ.സി വാങ്ങാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാർ മേഖലയിൽ നടന്നിട്ടുള്ളതും ഇത് ബന്ധപ്പെട്ട കക്ഷികൾ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. എൻ.ഒ.സി ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ലായെന്ന് സർക്കാർ വകുപ്പുകൾ ഉറപ്പു വരുത്തണമെന്നുള്ള കോടതി വിധികളുടെ ലംഘനം ഒഴിവാക്കിയില്ലെങ്കിൽ അത് കോടതിയലക്ഷ്യ നടപടികളിലേക്ക് നീങ്ങുന്ന സാഹചര്യമുണ്ടാകും. ഈ സാഹചര്യത്തിലാണ് എൻഒസി ഇല്ലാതെ വ്യവസ്ഥകൾ ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകരുതെന്ന് നിർദ്ദേശിച്ചു കൊണ്ട് സബ് കളക്ടർ കെഎസ്ഇബി-യ്ക്ക് കത്ത് നൽകിയത്. |

സെക്ഷൻ ഓഫീസർ